പൊതുമരാമത്ത് വകുപ്പ് ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനായി 2002-03-ൽ 1.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവിടെ പൊതുജനങ്ങൾക്കായി ഒരു ഒ.പി. വിഭാഗവും ഐ.പി.വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്. പ്രതിദിനം 300 പേർക്ക് ഒ.പി. വിഭാഗത്തിലും 20 പേർക്ക് ഐ.പി.വിഭാഗത്തിലും ചികിൽസ നൽകിവരുന്നുണ്ട്. ഒരു ഓർത്തോപീഡിക് സർജനേയും സൂപ്രണ്ടിനെയും കൂടാതെ നാല് ഡോക്ടർമാർ ഇവിടെ ജോലി ചെയ്തുവരുന്നുണ്ട്. രോഗികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സഹായം നൽകാനായി ഒരു സാമൂഹ്യ സന്നദ്ധ സംഘടന മുന്നോട്ടുവന്നിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ സ്ഥാപനത്തിന്റെ പുരോഗതിക്കായി എല്ലാ നടപടികളും കൈക്കൊള്ളാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ ആശങ്ക പ്രകടിപ്പിച്ചതുപോലെ മാലിന്യ സംസ്ക്കരണ പ്ലാന്റ് ഇവിടെ സ്ഥാപിക്കാൻ യാതൊരു ഉദ്ദേശവും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇല്ല. ഐ.പി. വിഭാഗം കൂടുതൽ കാര്യക്ഷമതയോടെ തുടർന്ന് പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. ഷാജു : സർ, മന്ത്രിയുടെ മറുപടി അങ്ങേയറ്റം സ്വാഗതാർഹമാണ്. ഈ രണ്ട് പ്രശ്നങ്ങളെസംബന്ധിച്ചും ഒരു ക്ളാരിറ്റി ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഒ.പി., ഐ.പി. വിഭാഗങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച ഉറപ്പ് ശക്തമായിട്ടുണ്ടാകണം. ഒപ്പം മാലിന്യ സംസ്ക്കരണം പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഒരു ഉറച്ച അഭിപ്രായം പറയണം.

ശ്രീ. പി. ശങ്കരൻ : സർ, ഈ രണ്ട് കാര്യത്തിനും ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു. ഒ.പി.യും ഐ.പി.യും കൂടുതൽ ശക്തമായിട്ട് പ്രവർത്തിപ്പിക്കും, മാലിന്യ സംസ്ക്കരണ പ്ലാന്റ് അവിടെ ഒരു കാരണവശാലും സ്ഥാപിക്കാൻ ഉദ്ദേശമില്ല.

III സബ്മിഷൻ

(1) ആലപ്പുഴ തീരപ്രദേശത്തെ കരിമണൽ ഖനനം

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നേരത്തെ പറഞ്ഞ കാര്യങ്ങൾ പറയുന്നില്ല. ഈ സഭയിൽ വളരെ ഗൗരവമായി ചർച്ചകൾ നടന്നതാണ്. ആലപ്പുഴയിലാണെങ്കിൽ കക്ഷിരാഷ്ട്രീയ ഭേദമെന്യേ മുഴുവൻ ജനങ്ങളും പങ്കെടുക്കുന്ന വമ്പിച്ച തോതിലുള്ള ജനകീയ പ്രക്ഷോഭം ശക്തിയായി നടക്കുകയാണ്. ആ ഒരു പശ്ചാത്തലത്തിലാണ് ഈ പ്രശ്നം ഉന്നയിക്കുന്നത്. ആലപ്പുഴ ജില്ലയിലെ തീരപ്രദേശത്ത് കരിമണൽ ഖനനം ചെയ്യുന്നതിനുള്ള എല്ലാ നടപടികളും ഉപേക്ഷിക്കണമെന്നും റദ്ദ് ചെയ്യണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്. അതുപോലെതന്നെ വിദഗ്ദ്ധ കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ച് അതിന്റെ മറവിൽ ഖനനം നടത്താനുള്ള അനുമതി നേടാനുള്ള നടപടികളും ഉപേക്ഷിക്കണം. എല്ലാ ഭാഗത്തുനിന്നും പ്രതിക്ഷേധം ഉയർന്നുവന്ന സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിൽത്തന്നെ ഒരു നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട കേരളത്തിന്റെ മുഖ്യമന്ത്രി മാത്രമാണ് ഇതുവരെ ഒരു അഭിപ്രായംപോലും ഇത് സംബന്ധിച്ച് പ്രകടിപ്പിക്കാത്തത്. മുഖ്യമന്ത്രിയുടെ അഭിപ്രായം അറിയാൻ ജനങ്ങൾക്ക് താൽപര്യമുണ്ട്. അതുകൊണ്ട് കരിമണൽ ഖനനവുമായി ബന്ധപ്പെട്ട എല്ലാനടപടികളും റദ്ദുചെയ്യുമെന്നും വിദഗ്ദ്ധകമ്മിറ്റി രൂപീകരിക്കാനുള്ള നിർദ്ദേശം ഉപേക്ഷിക്കുമെന്നും ഗവൺമെന്റ് ഈ സഭയിൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, പ്രക്ഷോഭത്തിന്റെ സമ്മർദ്ദമല്ലാതെ മറുപടിയുടെ ആവശ്യകതയല്ല ഈ സബ്മിഷൻ ഉന്നയിക്കാൻ പ്രേരിപ്പിച്ചതെന്ന് മനസ്സിലാകുന്നുണ്ട്. മറുപടി വളരെ വ്യക്തമാണല്ലോ. കരിമണൽ ഖനനത്തിന് എതിരായിട്ട് വന്നിരിക്കുന്ന വിഷയം പാരിസ്ഥിതിക പ്രശ്നവും അതുപോലെതന്നെ മറ്റ് ചില സാങ്കേതിക പ്രശ്നങ്ങളുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ അറ്റോമിക് എനർജി ഡിപ്പാർട്ടുമെന്റും പരിസ്ഥിതി ഡിപ്പാർട്ടുമെന്റും സെൻട്രൽ മൈനിംഗ് ഡിപ്പാർട്ടുമെന്റും ഇനി നിയോഗിക്കാൻ പോകുന്ന വിദഗ്ദ്ധകമ്മിറ്റിയും ഒ. കെ. പറഞ്ഞാൽ മാത്രമേ കരിമണൽ ഖനനം അനുവദിക്കുകയുള്ളുയെന്നാണ് ഞാൻ നിയമസഭയിൽ പറഞ്ഞ മറുപടി. ഇത് വളരെ വ്യക്തമായ മറുപടിയാണ്. വാസ്തവത്തിൽ അവരാണ് ഇതിന് അനുമതി കൊടുക്കേണ്ടത്. നമ്മൾ ഫൈനലൈസ് ചെയ്തതിന്റെ എൻ.ഒ.സി. കൊടുക്കുക എന്നുള്ളത് മാത്രമേയുള്ളൂ. അതൊക്കെ ക്ളിയറൻസ് വന്ന്, പൊളിറ്റിക്കൽ ധാരണയനുസരിച്ച് ഒരു വിദഗ്ദ്ധ കമ്മിറ്റി പരിശോധിച്ചശേഷമേ സുതാര്യമായ നടപടി ഉണ്ടാവുകയുള്ളൂ. അതു വളരെ വ്യക്തമാണ്. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ ചെയ്യുന്ന പ്രശ്നമില്ല.

(2) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിർത്തിവച്ച സ്റ്റേ ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച്

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, എന്റെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയെ സംബന്ധിച്ച് ഞാൻ കഴിഞ്ഞ മാസം 19-ാം തീയതി ഇവിടെ ചോദിച്ച ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിൽ പറയുന്നത് 44 ബസ്സുകളും 34 റൂട്ടുകളും ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്നു. ഇപ്പോൾ 38 ബസ്സുകളും 37 റൂട്ടുകളും മാത്രമാണുള്ളത് എന്നാണ്. സത്യത്തിൽ ഇപ്പോൾ 38 ബസ്സിൽത്തന്നെ 6-8 ബസ്സുകൾ കട്ടപ്പുറത്തിരിക്കുകയാണ്. അവിടെ ഉണ്ടായിരുന്ന എ.ടി.ഒ.-യെ ഒരു മാസം മുമ്പ് സ്ഥലംമാറ്റി. എന്നിട്ട് ഡി.ടി.ഒ.യ്ക്ക് ചാർജ് കൊടുത്തിരിക്കുയാണ്. അദ്ദേഹത്തിനാണെങ്കിൽ ജോലിക്കൂടുതൽ കാരണം ഇരിക്കാനും നിൽക്കാനും വയ്യാത്ത സ്ഥിതിയാണുള്ളത്. എന്റെ മണ്ഡലത്തിലെ ജനങ്ങൾ ഒരു പ്രക്ഷോഭത്തിന്റെ വക്കിലാണ്. ഈ രണ്ട് വർഷത്തിനിടയിൽ ഒരൊറ്റ ബസ്സുപോലും തന്നിട്ടില്ല. എന്റെ മണ്ഡലത്തിലെ എല്ലാ സ്റ്റേ ബസ്സുകളും

LIBRARY ARCHIVES Kerala Legislative Assembly